# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3372** — **29.01.2014-ൽ മറുപടിക്ക്**

## വൈപ്പിൻ മണ്ഡലത്തിലെ കൃഷിഭവനിലെ പാർട്ട്-ടൈം സ്വീപ്പർ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) വൈപ്പിൻ മണ്ഡലത്തിലെ കൃഷി ഭവനിൽ കാഷ്വൽ സ്വീപ്പർമാരായി 10 വർഷത്തിലേറെയായി ജോലി ചെയ്തു വരുന്ന വരെ പാർട്ട് ടൈം സ്വീപ്പർമാരായി നിയമിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | എ) വൈപ്പിൻ മണ്ഡലത്തിലെ കൃഷി ഭവനുകളിൽ ഞാറയ്ക്കൽ കൃഷി ഭവനിൽ മാത്രമാണ് പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിന് 25/11/2005-ലെ സ.ഉ.(പി) 501/2005/ധന. സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരമുള്ള നിർദ്ദിഷ്ട സ്വീപ്പിംഗ് ഏരിയ (100 ച.മീ. കൂടുതൽ) ഉള്ളത്. ടി കൃഷി ഭവനിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും. വൈപ്പിൻ മണ്ഡലത്തിലെ മറ്റ് കൃഷി ഭവനുകളിൽ നിർദ്ദിഷ്ട സ്വീപ്പിംഗ് ഏരിയ ഇല്ലാത്തതിനാൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പർമാരെ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് നിലവിലുള്ള നിയമ പ്രകാരം സാധിക്കുകയില്ല.. |

സെക്ഷൻ ഓഫീസർ